# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512

## വാർത്താക്കുറിപ്പ്

**2023 ഫെബ്രുവരി 22**

---

## എം.ജിയിൽ ഇൻറഗ്രേറ്റഡ് പിജി; പ്ലസ് ടു കഴിഞ്ഞവർക്ക് അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ സയൻസ്, സോഷ്യൽ സയൻസ് സ്ട്രീമുകളിൽ ഇൻറഗ്രേറ്റഡ് പിജി പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. 60 ശതമാനത്തിൽ കുറയാത്ത മാർക്കോടെ പ്ലസ് ടു ആണ് അടിസ്ഥാന യോഗ്യത. ഈ വർഷം പ്ലസ് ടൂ പരീക്ഷയെഴുതുന്നവർക്കും അപേക്ഷിക്കാം.

ഐ.ഐ.ആർ.ബി.എസ്, ഐ.എം.പി.എസ്.എസ് വകുപ്പുകളിൽ നടക്കുന്ന പ്രോഗ്രാമുകളിൽ സർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെ അധ്യാപകരും ദേശീയ, രാജ്യാന്തര തലങ്ങളിലെ പ്രഗത്ഭരായ അധ്യാപകരും വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.

സെമിനാർ കോഴ്സുകൾ, പ്രൊജക്ട്, ഫീൽഡ് വർക്ക് തുടങ്ങിയവയ്ക്കു പുറമെ സർവകലാശാലയിലെ സെൻട്രൽ ലൈബ്രറി ഉൾപ്പെടെയുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്താനും വിദ്യാർഥികൾക്ക് കഴിയും.

ഇൻറഗ്രേറ്റഡ് പ്രോഗ്രാമുകളിൽ ഇംഗ്ലീഷ്, മലയാളം എന്നിവയ്ക്കു പുറമെ ഫ്രഞ്ച്, അറബിക്, പോർച്ചുഗീസ് തുടങ്ങിയ ഭാഷകളും പഠിക്കാനാകും.

*ഇൻറഗ്രേറ്റഡ് എം.എസ്.സി*

സയൻസ് സ്ട്രീമിൽ കെമിസ്ട്രി, ഫിസിക്സ്, ലൈഫ് സയൻസ്, കമ്പ്യൂട്ടർ സയൻസ്, എൻവയോൺമെൻറൽ സയൻസ് എന്നീ വിഷയങ്ങളിൽ ആറു സീറ്റുകൾ വീതമാണുള്ളത്. പ്ലസ് ടു സയൻസ് സ്ട്രീം പഠിച്ചവർക്ക് അപേക്ഷിക്കാം.

ആദ്യ മൂന്നു സെമസ്റ്ററുകളിൽ മാത്തമാറ്റിക്സ് ഉൾപ്പടെയുള്ള എല്ലാ സയൻസ് വിഷയങ്ങളും അടിസ്ഥാന കോഴ്സുകളായി പഠിക്കുന്നതിനോടൊപ്പം സോഷ്യൽ സയൻസ്, ഹ്യുമാനിറ്റീസ് എന്നിവ പ്രത്യേകമായി തിരഞ്ഞെടുത്ത് പഠിക്കാനും അവസരമുണ്ട്.

മൂന്നു സെമെസ്റ്ററുകളിലെ കോമൺ കോഴ്സുകൾ പൂർത്തിയാക്കിയതിനു ശേഷം

ആവശ്യമെങ്കിൽ ബ്രാഞ്ച് മാറുന്നതിനും കഴിയും. അവസാന സെമെസ്റ്ററിൽ കരിക്കുലത്തിൻറെ ഭാഗമായ റിസർച്ച് പ്രൊജക്റ്റ് ദേശീയ-രാജ്യാന്തര തലങ്ങളിൽ പ്രശസ്തമായ സ്ഥാപനങ്ങളിൽ ചെയ്യുന്നതിനും അവസരം ലഭിക്കും.

*ഇൻറഗ്രേറ്റഡ് മാസ്റ്റേഴ്സ് ഇൻ സോഷ്യൽ സയൻസസ്*

സോഷ്യൽ സയൻസ് സ്ട്രീമിൽ ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഹിസ്റ്ററി എന്നീ വിഷയങ്ങളിൽ 10 സീറ്റുകൾ വീതമാണുള്ളത്. പ്ലസ് ടു സയൻസ്, ഹ്യൂമാനിറ്റീസ്, കോമേഴ്സ് സ്ട്രീമുകളിൽ പഠിച്ചവർക്ക് സോഷ്യൽ സയൻസ് ഇൻറഗ്രേറ്റഡ് പിജി ക്ക് അപേക്ഷിക്കാം.

മൂന്നു വർഷത്തിനു ശേഷം ഡിഗ്രി പൂർത്തിയാക്കുന്നവർക്ക് ആവശ്യമെങ്കിൽ എക്സിറ്റ് അനുവദിക്കും. മെയിൻ വിഷയങ്ങൾക്കു പുറമെ സോഷ്യൽ സയൻസിലെ വിവിധ ഇൻറർഡിസിപ്ലിനറി വിഷയങ്ങൾ താത്പര്യമനുസരിച്ച് തെരഞ്ഞെടുക്കാനാകും.

സയൻസ് വിഷയങ്ങളിൽ ഓപ്പൺ കോഴ്സുകളും അഭിരുചിക്കനുസരിച്ച് തിരഞ്ഞെടുക്കാം. മൂന്നു വർഷത്തെ ഡിഗ്രി പഠനത്തിനു ശേഷം ഇക്കണോമിക്സ്, ഹിസ്റ്ററി, ഇൻറർനാഷണൽ റിലേഷൻസ്, ഡവലപ്മെൻറ് സ്റ്റഡീസ്, ആന്ത്രോപോളജി, ഗാന്ധിയൻ സ്റ്റഡീസ്, ഹ്യൂമൻ റൈറ്റ്സ് തുടങ്ങിയവയിൽ ഇഷ്ടമുള്ള വിഷയം പിജി പഠനത്തിനായി തെരഞ്ഞെടുക്കാം.

മെയ് ആറ്, ഏഴ് തിയതികളിൽ നടക്കുന്ന പൊതു പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം. ഓൺലൈനിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തിയതി മാർച്ച് ഒന്ന് ആണ്.

ഓൺലൈനിൽ അപേക്ഷ സമർപ്പിക്കുന്നതിനും വിശദ വിവരങ്ങൾക്കും രമേ.ോഴൗ.മര.ശി എന്ന വെബ്സൈറ്റ് സന്ദർശിക്കുക..

(പി.ആർ.ഒ/39/211/2023)

## എം.ജി ഓഫ് കാമ്പസ് യു.ജി,പി.ജി; അപേക്ഷാതീയതി പുനക്രമീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ യു.ജി, പി.ജി ഓഫ് കാമ്പസ് കോഴ്സുകളുടെ പരീക്ഷകൾക്ക് ഫീസടച്ച് അപേക്ഷ സമർപ്പിക്കാനുള്ള തീയതി പുനക്രമീകരിച്ചു. പുതുക്കിയ തീയതിയും മറ്റു വിവരങ്ങളും പിന്നീട് പ്രസിദ്ധീകരിക്കും. പുനക്രമീകരണം സംബന്ധിച്ച വിജ്ഞാപനം പ്രസിദ്ധീകരിച്ചതിനു ശേഷം മാത്രം വിദ്യാർഥികൾ ഫീസ് അടച്ച് അപേക്ഷ സമർപ്പിച്ചാൽ മതിയാകും.

(പി.ആർ.ഒ/39/212/2023)

## ജൂനിയർ റിസർച്ച് ഫെലോ

മഹാത്മാ ഗാന്ധി സർവകലാശാലയിൽ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസും സിയറ്റ് ടയേഴ്സ് ലിമിറ്റഡും സംയുക്തമായി നടത്തുന്ന പ്രോജക്ടിൽ ജൂനിയർ റിസർച്ച് ഫെലോയുടെ ഒരൊഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു.

കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ (ഠഠഠ.ാഴൗ.മര.ശി). ഫോൺ: 8921360960

(പി.ആർ.ഒ/39/213/2023)

## മാറ്റി വച്ച പരീക്ഷ മാർച്ച 10ന്

മൂന്ന്, നാല് സെമെസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ, ബി.കോം (സി.ബി.സി.എസ്.എസ്, 2014-2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2012,2013 അഡ്മിഷനുകൾ മെഴ്സി ചാൻസ് - ഫെബ്രുവരി 2023) പരീക്ഷയുടെ ഫെബ്രുവരി 21 ലെ മാറ്റി വച്ച പരീക്ഷ മാർച്ച് 10 ന് നടത്തും.

(പി.ആർ.ഒ/39/214/2023)

## പരീക്ഷാ തീയതി

ഒൻപതാം സെമെസ്റ്റർ ഐ.എം.സി.എ (2018 അഡ്മിഷൻ റഗുലർ,2017 അഡ്മിഷൻ സപ്ലിമെൻററി), ഡി.ഡി.എം.സി.എ (2016,2015 അഡ്മിഷനുകൾ സപ്ലിമെൻററി, 2014 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകൾ മാർച്ച് 13 ന് തുടങ്ങും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/215/2023)

## പ്രാക്ടിക്കൽ

അഞ്ചാം സെമെസ്റ്റർ ബി.വോക് അഗ്രികൾച്ചറൽ ടെക്നോളജി (പുതിയ സ്കീം, 2020 അഡ്മിഷൻ റഗുലർ - ജനുവരി 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് ഒന്നിനും അഞ്ചാം സെമെസ്റ്റർ ബി.വോക് അഗ്രോ ഫുഡ് പ്രോസസ്സിംഗ് (പുതിയ സ്കീം, 2020 അഡ്മിഷൻ റഗുലർ - ജനുവരി 2023) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് രണ്ടിനും കാഞ്ഞിരപ്പള്ളി സെൻറ് ഡൊമിനിക്സ് കോളജിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/216/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**